ഉത്തരം

(എ)മുതൽ(ഇ)വരെ വിവരം ശേഖരിച്ചു വരുന്നു.

"വ്യവസായഗൈഡ്"

36 (2092)ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവ സായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഭവശേഷിയും ഉൽപ്പന്നങ്ങളുടെ വിപണനസാദ്ധ്യതകളും കണക്കിലെടുത്ത് പുതുതായി തുടങ്ങാവുന്ന വ്യവസായ സംരംഭങ്ങൾ ഏതെ ല്ലാമാണെന്ന് കാണിക്കുന്ന ഒരു വ്യവസായഗൈഡ് തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇല്ലെങ്കിൽ ജില്ലാടിസ്ഥാനത്തിലോ, താലൂക്കടിസ്ഥാനത്തിലോ, ബ്ലോക്കടിസ്ഥാനത്തിലോ, പഞ്ചായത്തടിസ്ഥാനത്തിലോ ഇങ്ങനെ ഒരു വ്യവ സായ ഗൈഡ് ഉണ്ടാക്കാൻ ശ്രമിക്കുമോ?

ഉത്തരം

(എ) ഇക്കാര്യം പരിഗണിക്കുന്നതാണ്. കെ.എസ്.ഐ.ഡി.സി. ഇട ത്തരം വൻകിടമേഖലകളിൽ ആരംഭിക്കാവുന്ന തരത്തിലുള്ള വ്യവസായസം രംഭങ്ങളുടെ പ്രൊഫൈലുകൾ പ്രമുഖ കൺസൾട്ടൻസികളുടെ സഹായ ത്തോടെ ഇടയ്ക്കിടെ തയ്യാറാക്കി വരുന്നുണ്ട്.

(ബി) ബാധകമല്ല.

കാഷ്യൂ ബോർഡ് രൂപീകരണം

37 (2093)ശ്രീ. പി.ജെ. ജോയി :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. വി. ബാലറാം :
ശ്രീമതി റോസമ്മ ചാക്കോ
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഷ്യൂ ബോർഡ് രൂപീകരിക്കണമെന്ന ആവശ്യം സർക്കാ രിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് എന്തെല്ലാംനട പടികൾ സ്വീകരിച്ചു;

(സി) ഇത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ നിലപാടെന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly